ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം, ജനറൽ സെക്ഷൻ - ജയിൽ ഭൂമിയിൽ മറിഞ്ഞു വീഴുന്ന/അപകടനിലയിൽ നിൽക്കുന്ന മരങ്ങൾ നീക്കം ചെയ്യുന്നത്/മുറിച്ച് മാറ്റുന്നത് - മാർഗ്ഗനിർദ്ദേശം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു:-

പരാമർശം : 31/12/2021 തീയതിയിലെ ആഭ്യന്തരം (ബി) വകുപ്പിൽ നിന്നുള്ള ബി2/34/2021/ആഭ്യന്തരം എന്ന നമ്പർ സർക്കാർ കത്ത്(പകർപ്പ് അന്യത്ര).

**ഉത്തരവ് നമ്പർ. G1-13401/2020/PrHQ; തീയതി : 09-06-2022**

ജയിൽ വകുപ്പിന്റെ അധീനതയിൽ നിൽക്കുന്ന വൃക്ഷങ്ങൾ പലതും അപകടാവസ്ഥയിൽ നിൽക്കുന്നതായും, കൂടാതെ കാറ്റിലും മഴയിലുംപെട്ട് മറിഞ്ഞുവീഴുന്നതായും, ആയവ മുറിച്ച് നീക്കം ചെയ്യുന്നതിനും, തുടർന്ന് ജയിൽ നിർമ്മിതിശാലകളിലേയ്ക്ക് നൽകുന്നതിനും, ജയിൽ നിർമ്മിതിശാലകളിലെ ഉപയോഗത്തിന് കഴിയാത്തവ വിറകായി ഉപയോഗിക്കുന്നതിനും, ആയവയുടെ മൂല്യം ബന്ധപ്പെട്ട വനം വകുപ്പ് അധികാരികളിൽ നിന്നും ലഭ്യമാക്കി അനുമതി ഉത്തരവിനായി പല ജയിൽ സ്ഥാപനമേധാവികളും അപേക്ഷകൾ സമർപ്പിക്കുകയും, തുടർന്ന് അനുമതി നല്കുകയും, അവയുടെ വില ബുക്ക് അഡ്ജസ്റ്റ്മെൻറ് പ്രകാരം ക്രമീകരിക്കുകയും ചെയ്തു വന്നിരുന്നു.

എന്നാൽ ജയിൽ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലവും റവന്യൂ ഭൂമി ആയതിനാൽ ജയിൽ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് മറിഞ്ഞു വീഴുന്ന/മുറിച്ചു മാറ്റുന്ന മരങ്ങളുടെ മൂല്യം ബുക്ക് അഡ്ജസ്റ്റ് പ്രകാരം ക്രമീകരിക്കുവാൻ കഴിയില്ല എന്ന് പരാമർശം പ്രകാരം സർക്കാർ അറിയിച്ചിരിക്കുന്നു. ഇതിൽ നിന്നും മറിഞ്ഞു വീഴുന്ന/മുറിച്ചു മാറ്റുന്ന മരങ്ങളുടെ/തടികളുടെ വില, ഫോറസ്റ്റ് അധികാരികൾ തിട്ടപ്പെടുത്തുന്ന മൂല്യം സർക്കാർ ഖജനാവിൽ ഒടുക്കേണ്ടതാണെന്ന് കാണുന്നു.

പ്രസ്തുത സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ, ജയിൽ ഭൂമിയിൽ മറിഞ്ഞു വീഴുന്ന/അപകടനിലയിൽ നിൽക്കുന്നതിൽ മുറിച്ച് മാറ്റുന്ന മരങ്ങൾ/വിറകായി ഉപയോഗിക്കുന്നവ എന്നിവ മേലിൽ വനം വകുപ്പ് നിശ്ചയിക്കുന്ന വിലയിൽ കുറയാത്ത തുകയ്ക്ക് പൊതുലേലത്തിൽ വിൽപ്പന നടത്തി സർക്കാരിൽ മുതൽ കൂട്ടുവാനും, മൊത്തം ലേലത്തുകയുടെ 18% GST, 5% forest development Tax എന്നിവ കരാറുകാരനിൽ നിന്നും ഈടാക്കുവാനും, അതിൽ 5% വനവികസന നികുതി 0406-01-101-96-Forest Development Tax എന്ന ഹെഡിൽ പ്രത്യേക ചെല്ലാൻ തയ്യാറാക്കി ഒടുക്കുവാനും എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജയിൽ ഭൂമിയിൽ മറിഞ്ഞു വീഴുന്ന/അപകടനിലയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിനായി വനം വകുപ്പിൽ നിന്നും അനുമതി വാങ്ങേണ്ടതും, വനം വകുപ്പിൽ നിന്നും ലഭിക്കുന്ന അനുമതി ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതുമാണ്.

സുദേഷ് കുമാർ ഐ പി എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും.

പകർപ്പ് : 1) എല്ലാ മേഖലാ ഡി.ഐ.ജിമാർക്കും
2) ചീഫ് ഓഡിറ്റ് ഓഫീസർ
3) സ്റ്റോക്ക് വെരിഫെയർ
4) വെബ് സൈറ്റ്